II.ഇ.ബി. XIII-കേരള നിയമസഭ/I -5

**പതിമൂന്നാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2011 ജൂലൈ 11, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**15(*121)** ക്ഷേമനിധികളുടെ കാര്യക്ഷമമായ പ്രവർത്തനം

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ 15 ക്ഷേമനിധി ബോർഡുകളും 5 ക്ഷേമ പദ്ധതികളും പ്രവർത്തിക്കുന്നുണ്ടെന്നും സ്വകാര്യ ക്ഷേത്ര ജീവനക്കാർ, പാചക തൊഴിലാളി, മൺപാത്ര നിർമ്മാണ തൊഴിലാളി, ഗാർഹിക തൊഴിലാളി, അസംഘടിത തൊഴിലാളി എന്നീ വിഭാഗങ്ങൾക്കായി പുതിയതായി 5 ക്ഷേമ പദ്ധതികൾകൂടി പ്രഖ്യാപിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പത്ത് ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ ഗ്രാന്റിനത്തിൽ 218 കോടി രൂപ നൽകിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനും സാമ്പത്തികമായി പ്രയാസം നേരിടുന്ന ബോർഡുകൾ സ്വയംപര്യാപ്തമാക്കുകയും ഏകീകരിക്കുകയും ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ സമർപ്പിക്കുന്നതിനുമായി മുൻ ലേബർ കമ്മീഷണർ

ശ്രീ. എസ്. ശ്രീനിവാസൻ, ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. ക്ഷേമനിധി ബോർഡുകളിൽനിന്നുള്ള സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് കുറച്ച് തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനെക്കുറിച്ചും ക്ഷേമനിധി ബോർഡുകളുടെ ആനുവൽ ഓഡിറ്റഡ് അക്കൗണ്ട്സ് അപ്-ടു-ഡേറ്റ് ആക്കുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണ്. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളെക്കൂടി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശത്തുനിന്നും മടങ്ങി വരുന്ന പ്രവാസികളെ അവരുടെ സ്കിൽ അനുസരിച്ചുള്ള മേഖലകളിലേയ്ക്ക് നിയോഗിക്കുന്ന കാര്യവും ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധിയിൽ ഇളവനുവദിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്. തെങ്ങുകയറ്റ തൊഴിലാളികളുടെ സംരക്ഷണത്തിനായി 50,000 രൂപ കൊടുക്കുന്ന പദ്ധതി പുന:സ്ഥാപിക്കുന്നതാണ്. ക്ഷേമനിധി ബോർഡുകളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ കിട്ടുന്ന ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ കുട്ടികൾക്ക് ലാപ്ടോപ്പ് കൊടുക്കുന്ന കാര്യം സർക്കാർ ആലോചിച്ചുവരികയാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**16(*122)** <u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ള ബി.പി.എൽ. വിഭാഗങ്ങൾക്ക് ഇപ്പോൾ നൽകുന്ന ചികിൽസാ ആനുകൂല്യങ്ങൾക്കുപുറമെ

മാരക രോഗങ്ങളുടെ ചികിൽസയ്ക്ക് കൂടുതൽ സൗകര്യം നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആശ്രയകുടുംബങ്ങൾ, ആശാ വർക്കേഴ്സ്, അംഗനവാടി വർക്കേഴ്സ്/ഹെൽപ്പേഴ്സ്, വികലാംഗർ, മത്സ്യത്തൊഴിലാളികൾ, കയർ/ കൈത്തറി/ കർഷക ത്തൊഴിലാളി, തയ്യൽ/ ബീഡി, പനമ്പ്-ഈറ്റ-കാട്ടുവള്ളി, ഖാദി തൊഴിലാളി, ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് തുടങ്ങിയ വിഭാഗങ്ങളിലെ ക്ഷേമനിധി അംഗങ്ങൾക്കും, ഗാർഹിക തൊഴിലാളികൾ, വഴിയോര കച്ചവടക്കാർ തുടങ്ങിയ വിഭാഗങ്ങൾക്കും കശുവണ്ടി, കള്ളുചെത്ത്, കെട്ടിട നിർമ്മാണം, ചുമട് തുടങ്ങിയ മേഖലകളിലെ ക്ഷേമനിധി ബോർഡുകളിൽ അംഗത്വമുള്ളവർക്കും, പെൻഷൻ വാങ്ങുന്നവർക്കും, കണ്ണൂർ കന്റോൺമെന്റ് തൊഴിലാളികൾ, എൻഡോസൾഫാൻ ദുരന്തബാധിതർ, തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസമെങ്കിലും ജോലി ചെയ്തവർ, ഗാർഹിക തൊഴിലാളികൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്നവർ, പ്രവാസി അവിദഗ്ദ്ധ തൊഴിലാളികൾ, സ്കൂൾ പാചക തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങൾക്ക് വരുമാന പരിധിയില്ലാതെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് അക്ഷയ സെന്ററുകൾ വഴി അവസരം നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഒരു കുടുംബത്തിലെ 5 അംഗങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ള സർക്കാർ, സ്വകാര്യ, സഹകരണ ആശുപത്രികളിൽ നിന്നും 30,000 രൂപയുടെ സൗജന്യ ചികിത്സ ലഭിക്കുന്നതാണ്. 2010-11 മുതൽ ചിസ് പ്ലസ് പദ്ധതിയിൻകീഴിൽ ക്യാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ അസുഖം എന്നിവയ്ക്ക് പ്രായപരിധിയില്ലാതെ 70,000 രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവ മുഖേന നൽകുന്നുണ്ട്. ഇതുകൂടാതെ നിലവിലുള്ള അസുഖങ്ങൾക്കും ഈ പദ്ധതി

പ്രകാരമുള്ള സൗജന്യ ചികിത്സ ലഭിക്കുന്നതാണ്. ഈ വർഷം 35 ലക്ഷം കുടുംബങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കാനായി ലക്ഷ്യമിട്ടിരുന്നതിൽ ഇതുവരെ 28.1 ലക്ഷം പേരാണ് അംഗങ്ങളായി ചേർന്നിട്ടുള്ളത്. 2010-11-ൽ 3,60,228 പേർക്ക് ഈ പദ്ധതിയുടെ ഗുണഫലങ്ങൾ പ്രയോജനപ്പെട്ടിട്ടുണ്ട്. 2008-09, 2009-10 എന്നീ വർഷങ്ങളിൽ യഥാക്രമം 344 ലക്ഷം രൂപയും 2094 ലക്ഷം രൂപയുമാണ് ഈ പദ്ധതിക്ക് കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ അംഗങ്ങളായവർക്ക് ചികിത്സ നിഷേധിക്കുന്ന ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതും പരമാവധി ആശുപത്രികളെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നതുമാണ്. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് ആനുകൂല്യം കൊടുക്കുന്നതിൽ വന്നിട്ടുള്ള ഡിലേ പരിഹരിക്കുന്നതാണെന്നും ക്ലിനിക്കൽ ടെസ്റ്റുകൾ നടത്തുന്നതിന് അധിക ചാർജ്ജ് ഈടാക്കുന്ന ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**17(*123) <u>കുട്ടനാട് പാക്കേജ്</u>**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, കുട്ടനാട് പാക്കേജിന്റെ കീഴിൽ 3544 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളതിൽ 1019 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ റിപ്പോർട്ടിൽ വിഭാവന ചെയ്തിട്ടുള്ള വിവിധ ശുപാർശകൾക്കും പ്രോഗ്രാമുകൾക്കും ധനസഹായം നൽകുന്നതിനായി പാക്കേജിനു കീഴിൽ അംഗീകരിച്ച വിവിധ ഘടകങ്ങളിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ സംസ്ഥാന സർക്കാർ കണ്ടെത്തി അവ കേന്ദ്ര

സർക്കാർ നടപ്പിലാക്കിവരുന്ന തുടർപദ്ധതികളുടെ മാനദണ്ഡങ്ങൾക്കും ഫണ്ടിംഗ് പാറ്റേണിനും അനുസൃതമായി ഫണ്ട് ലഭിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കി പ്രസ്തുത കേന്ദ്ര മന്ത്രാലയത്തിനോ ഡിപ്പാർട്ടു മെന്റിനോ സമർപ്പിക്കേണ്ടതാണെന്നും പദ്ധതി അടങ്കൽ തുക 50 ലക്ഷം രൂപ വരെ ആവശ്യമായി വരുന്ന പദ്ധതികൾക്ക്/ ശുപാർശകൾക്ക് സംസ്ഥാന സർക്കാർ സ്വന്തം ഫണ്ട് വിനിയോഗിക്കേണ്ടതാണെന്നുമുള്ള നിബന്ധന കൾക്ക് അനുസൃതമായിട്ടാണ് കേന്ദ്ര ക്യാബിനറ്റ് കുട്ടനാട് പാക്കേജ് അംഗീക രിച്ചത്. പ്രസ്തുത പാക്കേജിൽ വിഭാവന ചെയ്തിട്ടുള്ള മുഴുവൻ പ്രവൃത്തിക ളുടെയും പൂർത്തീകരണത്തിനായി ചെലവ് പ്രതീക്ഷിക്കുന്ന 4500 കോടി രൂപയിൽ 4000 കോടി രൂപയും ജലസേചന വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടിയാണ്. വെള്ളപ്പൊക്ക നിവാരണ പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയിൽ ചെലവായ തുകയുടെ 75 ശതമാനം കേന്ദ്ര സർക്കാർ വഹിക്കുന്നതും 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കേണ്ട തുമാണ്. കുട്ടനാടിന്റെ വികസനത്തിനായി ഇതുവരെ 47 പദ്ധതി റിപ്പോർട്ടു കൾ തയ്യാറാക്കിയിട്ടുണ്ട്. 300 കോടി രൂപയുടെ പദ്ധതികൾ 13-ാം ധനകാര്യ കമ്മീഷന്റെ കീഴിലും 140 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാർ 100 ശതമാനം ഗ്രാന്റായി നൽകുന്ന ആർ.കെ.വി.വൈ. സ്കീമിന്റെ കീഴിലുമാ യാണ് ലഭിക്കുന്നത്. ബാക്കി 60 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന തുടർപദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ടിംഗ് പാറ്റേൺ പ്രകാരമാണ് റിലീസ് ചെയ്യുന്നത്. കുട്ടനാടിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച ഐ.ഐ.റ്റി., ചെന്നൈ-യുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികൾ സ്വീകരി

ക്കുന്നതാണ്. അപ്പർ കുട്ടനാടിനെ പാക്കേജിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈ മാസം 15-ാം തീയതി യോഗം ചേരാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടനാട് പാക്കേജിനെക്കുറിച്ചുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് മുമ്പാകെ എത്രയുംവേഗം സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ശുപാർശകൾ നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രോസ്പെരിറ്റി കൗൺസിലിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അരോഗ്യം, കൃഷി, ജലസേചനം എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തുമായി നടത്തിയ ചർച്ചയിൽ കുട്ടനാട് മേഖല അഭിമുഖീകരിക്കുന്ന ആരോഗ്യ പ്രശ്നങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. തോടുകളിൽ അടിഞ്ഞുകൂടുന്ന പോള നീക്കം ചെയ്യുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നതായി ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 976 മുതൽ 1200 വരെയുള്ള ചോദ്യങ്ങളിൽ 135 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)